"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എസ്.കെ ജനീവിന്റെ മാതാവിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.282/2023/F&WLD തീയതി,തിരുവനന്തപുരം, 21-07-2023.

---

പരാമർശം:-

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.06.2022, 11.07.2023 തീയതികളിലെ എച്ച്2/2101/2022 നമ്പർ കത്തുകൾ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.02.2022 ലെ (എൽ.ഡിസ്) എം.ആർ 2-48398/2021/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ, പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. എസ്.കെ. ജനീവിന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ട്രാവൻകൂർ മെഡിക്കൽകോളേജ് ആശുപത്രിയിൽ ചെലവായ പ്രതിപൂരണം ചെയ്തു നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം പരാമർശ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശിത കത്തിൽ വിവരിച്ചിരിക്കുന്ന സാഹചര്യം പരിഗണിച്ച്, വനം വന്യജീവി വകുപ്പിൽ, പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. ജനീവിന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ട്രാവൻകൂർ മെഡിക്കൽകോളേജ് ആശുപത്രിയിൽ 20.04.2021 മുതൽ 05.05.2021 വരെ ചെലവായ 1,35,557/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 1,06,226/- രൂപയുടെ 80% ആയ 84,981/- (എൺപത്തി നാലായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. ജനീവ്.എസ്.കെ., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (09.02.2023 ലെ ഇ-2319272-എൽ1/20/2023-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 24-07-2023 10:24:59